**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1244</u>** **<u>07-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>മലപ്പുറം ജില്ലയിൽ പി.ഡബ്ല്യൂഡി ആഫീസുകൾ അനുവദിക്കൽ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ പൊതുമരാമത്തു വകുപ്പിന് പുതിയ ഓഫീസുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിയമസഭ സാമാജികർ ഉൾപ്പെടെയുള്ളവർ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലായി പുതിയ കാര്യാലയങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് വിശദമായ ശിപാർശ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടോ ; | (എ) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ വിശദമായ റിപ്പോർട്ട് ശിപാർശ സഹിതം സമർപ്പിക്കുവാൻ നിർദ്ദേശം നൽകുമോ; | (ബി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ജില്ലയിൽ പുതിയ ഓഫീസുകൾ ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ? | (സി) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

JS-PWD

നം. ഇ.എ2/10244/2020

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് ഭരണ വിഭാഗം
തിരുവനന്തപുരം
തീയതി : 10/08/2021

പ്രേഷിതൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

സെക്രട്ടറി
പൊതുമരാമത്ത് എ) വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം 18 AUG 2021

സർ,

വിഷയം: പൊ.മ.വ - മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങളിൽ പുതിയ ഓഫീസുകൾ അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന: 31/03/2021 തീയതിയിലെ പൊ.മ.വ (എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് നം.പി.ഡബ്ലിയു.ഡി-എ4/108/2020

സൂചന അർദ്ധ ഔദ്യോഗിക കത്തിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു.

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പന് കീഴിൽ പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങളിലെ വിവിധ പ്രവൃത്തികൾ ത്വരിതഗതിയിലാക്കുന്നതിന് പുതിയ ഓഫീസുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് കെട്ടിട, നിരത്തുകൾ, പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർമാരുടെ റിപ്പോർട്ട് വാങ്ങുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം ഓരോ വിഭാഗത്തിലേക്കും ആവശ്യമായ അധിക ഓഫീസുകളുടെയും തസ്തികകളുടെയും സാമ്പത്തിക ബാധ്യതാ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ഉൾക്കൊള്ളിച്ച് തുടർ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർക്കുവേണ്ടി

21/OS-PWD

## പൊതുമരാമത്ത് വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിൽ പുതുതായി രൂപീകരിക്കേണ്ട ഓഫീസുകൾ, തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | വിഭാഗം | പുതുതായി ഉപവിഭാഗം ഓഫീസുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ | പുതുതായി സെക്ഷൻ ഓഫീസുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|---|
| 1. | പാലങ്ങൾ | | നിലമ്പൂർ |
| 2. | കെട്ടിടങ്ങൾ | കൊണ്ടോട്ടി | മങ്കട |
| | | മലപ്പുറം | താനൂർ |
| | | തിരൂർ | വേങ്ങര |
| | | സ്പെഷ്യൽ ബിൽഡിംഗ്സ്, മഞ്ചേരി | അരീക്കോട് |
| | | | കോട്ടക്കൽ |
| | | | സ്പെഷ്യൽ ബിൽഡിംഗ്സ്, മഞ്ചേരി |
| 3. | നിരത്തുകൾ | കൊണ്ടോട്ടി | താനൂർ |
| | | | അരീക്കോട് |
| | | | വേങ്ങര |

| രൂപീകരിക്കേണ്ട പുതിയ തസ്തികകൾ | | എണ്ണം |
|---|---|---|
| പാലങ്ങൾ വിഭാഗം - സെക്ഷൻ ഓഫീസ് (1 എണ്ണം) | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് I | 1 |
| | ഓവർസീയർ ഗ്രേഡ് III | 3 |
| | ക്ലാർക്ക് | 1 |
| | ഓഫീസ് അറ്റൻഡന്റ് | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| കെട്ടിട വിഭാഗം - സെക്ഷൻ ഓഫീസുകൾ (6 എണ്ണം) | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് III | 3 |
| | ക്ലാർക്ക് | 1 |
| | ഓഫീസ് അറ്റൻഡന്റ് | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| നിരത്തുകൾ വിഭാഗം - സെക്ഷൻ ഓഫീസുകൾ (3 എണ്ണം) | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് III | 3 |
| | ക്ലാർക്ക് | 1 |
| | ഓഫീസ് അറ്റൻഡന്റ് | 1 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| കെട്ടിട വിഭാഗം - സബ് ഡിവിഷൻ ഓഫീസുകൾ (4 എണ്ണം) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് I | 2 |
| | ഓവർസീയർ ഗ്രേഡ് II | 3 |
| | ഹെഡ് ക്ലാർക്ക് | 1 |
| | ക്ലാർക്ക് | 3 |
| | ഓഫീസ് അറ്റൻഡന്റ് | 2 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |
| നിരത്തുകൾ വിഭാഗം - സബ് ഡിവിഷൻ ഓഫീസ് (1 എണ്ണം) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| | ഓവർസീയർ ഗ്രേഡ് I | 2 |
| | ഓവർസീയർ ഗ്രേഡ് II | 2 |
| | ഹെഡ് ക്ലാർക്ക് | 1 |
| | ക്ലാർക്ക് | 3 |
| | ഓഫീസ് അറ്റൻഡന്റ് | 2 |
| | പാർട്ട് ടൈം സ്വീപ്പർ | 1 |

**ആകെ സൃഷ്ടിക്കേണ്ട തസ്തികകളുടെ സംക്ഷിപ്തം**

| | |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 10 |
| ഹെഡ് ക്ലാർക്ക് | 5 |
| ക്ലാർക്ക് | 25 |
| ഓഫീസ് അറ്റൻഡന്റ് | 20 |
| ഓവർസീയർ ഗ്രേഡ് I | 11 |
| ഓവർസീയർ ഗ്രേഡ് II | 14 |
| ഓവർസീയർ ഗ്രേഡ് III | 30 |
| പാർട്ട് ടൈം സ്വീപ്പർ | 15 |
| ആകെ | 135 |